# പതിനാലാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട**
**ചോദ്യം നമ്പർ : 301**

**21.06.2018- ൽ മറുപടിയ്ക്ക്**

## സഹകരണ കോൺഗ്രസ്സിലെ ചർച്ചകൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. പി.ബി.അബ്ദുൽ റസ്സാക്ക്**<br>**ശ്രീ. എം. ഉമ്മർ**<br>**ശ്രീ. പി. ഉബൈദുള്ള**<br>**ശ്രീ. അബ്ദുൽ ഹമീദ് പി.** | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ**<br>(ബഹു. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | എട്ടാമത് സഹകരണ കോൺഗ്രസ്സിലെ ചർച്ചകൾ സംസ്ഥാനത്ത് സഹകരണ നയം രൂപീകരിക്കുന്നതിന് ഏതെല്ലാം തരത്തിൽ സഹായകരമായി എന്ന് വിശദമാക്കാമോ; | (എ) | കണ്ണൂരിൽ വച്ച് നടന്ന എട്ടാമത് സഹകരണ കോൺഗ്രസ്സിൽ സഹകരണ നയത്തിന്റെ കരട് ചർച്ച ചെയ്തു. എന്നാൽ സഹകരണ നയം അന്തിമമായി തീരുമാനിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. എട്ടാമത് സഹകരണ കോൺഗ്രസ്സിലെ ചർച്ചയിൽ സഹകരണ പ്രസ്ഥാനങ്ങൾക്ക് മുന്നേറുന്നതിന് സഹായകരമായ ചുവടെപ്പറയുന്ന തുൾപ്പെടെയുള്ള വിവിധ നയങ്ങൾ കരട് നയത്തിൽ ഉൾപ്പെട്ടിട്ടുണ്ട്.<br>1. പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ അവയുടെ അംഗങ്ങൾക്കും പൊതു ജനങ്ങൾക്കും വിവിധങ്ങളായ സേവനം നൽകുന്ന സംഘങ്ങളായി തുടർന്നും പ്രവർത്തിക്കുക.<br>2. പ്രാദേശിക സാഹചര്യങ്ങൾക്കനുസൃതമായി ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുവാൻ സഹകരണ സ്ഥാപനങ്ങളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും യോജിച്ച് പ്രവർത്തിക്കുന്നതിനും വിത്ത്, വളം, കാർഷികോപകരണങ്ങൾ എന്നിവയുടെ വിതരണത്തിനും ഉൽപ്പന്നങ്ങളുടെ സംഭരണം, വിതരണം എന്നിവ നടത്തുന്നതിന് പ്രോത്സാഹനം നൽകുക.<br>3. മൂല്യവർദ്ധനവിലൂടെ പ്രാദേശിക |

| | | | |
|---|---|---|---|
| | | | നാണ്യവിളകളുടെ കയറ്റുമതി വർദ്ധിപ്പിക്കുന്നതിനും അതിൽ നിന്ന് കൂടുതൽ വിദേശ നാണ്യം സമ്പാദിക്കുന്നതിനും സഹായിക്കുന്ന തരത്തിൽ സഹകരണ വിപണന സംഘങ്ങളുടെ പ്രവർത്തനത്തിൽ ദിശാമാറ്റം നടത്തുക.<br>4. തൊഴിലാളികളെ സംഘടിപ്പിച്ച് അവരെ തൊഴിൽ സഹകരണ സംഘങ്ങളുടെ പരിധിയിൽ കൊണ്ടുവരിക. ഉൽപ്പാദനം, അടിസ്ഥാന സൗകര്യ വികസനം, നിർമ്മാണം എന്നീ മേഖലകളിൽ തൊഴിൽ കണ്ടെത്തുകയും തൊഴിൽ നൈപുണ്യത്തിനായി തൊഴിലാളികൾക്ക് ഈ സംഘങ്ങളിലൂടെ പരിശീലനം നൽകുകയും ചെയ്യുക.<br>5. സഹകരണ സ്ഥാപനങ്ങളിലൂടെ സ്ത്രീകളുടെ ശാക്തീകരണത്തിനായുള്ള പരിശ്രമങ്ങളെയും സ്ത്രീ തൊഴിൽ പങ്കാളിത്തവും പ്രോത്സാഹിപ്പിക്കുക.<br>6. പ്രവാസി സഹകരണ സംഘങ്ങൾ രൂപീകരിച്ചുകൊണ്ട് ജോലി മതിയാക്കി തിരിച്ചെത്തുന്ന പ്രവാസികളുടെ തൊഴിൽ നൈപുണ്യം സമൂഹ പുരോഗതിയ്ക്കായി വിനിയോഗിക്കുക<br>7. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഔദ്യോഗിക ബാങ്കിംഗ് സേവന ദാതാക്കളായി പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളെ അംഗീകരിക്കുക. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ടുകൾ സഹകരണ ബാങ്കുകളിൽ നിക്ഷേപിക്കുകയും എല്ലാ ബാങ്കിംഗ് ഇടപാടുകളും അവയിലൂടെ നടത്തുകയും ചെയ്യുക.<br>8. സാധാരണ ജനങ്ങൾക്ക് താങ്ങാവുന്ന നിരക്കിൽ എല്ലാവിധ ആതുര ആരോഗ്യ സേവനങ്ങൾ ലഭ്യമാക്കുന്നതിന് ആശുപത്രി സംഘങ്ങളെ വികസിപ്പിക്കുക.<br>9. കൈത്തറി, കയർ, ചെറുകിട വ്യവസായങ്ങൾ തുടങ്ങിയ പരമ്പരാഗത വ്യവസായങ്ങൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിച്ചുകൊണ്ട് ഈ മേഖലയിലെ സഹകരണ |

| | | | |
|---|---|---|---|
| | | | സംഘങ്ങളെ സംരക്ഷിക്കുകയും വികസിപ്പിക്കുകയും ചെയ്യുക.<br>10. മത്സ്യബന്ധനത്തിന് പ്രതികൂലമായ മാസങ്ങളിൽ മത്സ്യത്തൊഴിലാളികൾക്ക് മറ്റ് തൊഴിലുകൾ ലഭ്യമാക്കി സ്ഥിരവരുമാനം ഉറപ്പാക്കുന്നതിന് മത്സ്യ സഹകരണ സംഘങ്ങളെ പ്രോത്സാഹിപ്പിക്കുക.<br>11. പാലിന്റെ ഉൽപ്പാദനവും ഉൽപ്പാദന ക്ഷമതയും വർദ്ധിപ്പിച്ച് ഈ രംഗത്ത് സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി ക്ഷീര സഹകരണ സംഘങ്ങൾ വഴി പരമാവധി പ്രോത്സാഹനം നൽകുക. |
| (ബി) | കാർഷിക മേഖലയുടെ പുരോഗതി ലക്ഷ്യമാക്കി കാർഷികാനുബന്ധ വായ്പ ഉൾപ്പെടെയുള്ള വായ്പകളുടെ പങ്ക് വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വിശദമാക്കാമോ; | (ബി) | വിശദമാക്കാം.<br>1. കാർഷിക വായ്പ ഇപ്പോഴത്തെ 10% എന്നതിൽ നിന്ന് അടുത്ത രണ്ട് വർഷങ്ങൾക്കുള്ളിൽ കാർഷിക, കാർഷിക-അനുബന്ധ വായ്പ 25% ഉം തുടർന്ന് ഘട്ടംഘട്ടമായുള്ള വർദ്ധനവിലൂടെ 50% ഉം ആക്കുക.<br>2. കേരള സംസ്ഥാന സഹകരണ ബാങ്കിനേയും(കെ.എസ്.സി.ബി) 14 ജില്ലാ ബാങ്കുകളേയും സംയോജിപ്പിച്ചുകൊണ്ട് ഹ്രസ്വകാല കാർഷിക വായ്പാ ഘടനയെ പുന:സംഘടിപ്പിക്കുക. ഈ ബാങ്കുകളുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് സാങ്കേതിക വിദ്യ, പ്രൊഫഷണലിസം, ബാങ്കിംഗ് പ്രവർത്തനങ്ങളുടെ വിപുലീകരണം, വൈവിധ്യവത്ക്കരണം എന്നിവ കാര്യക്ഷമമായി നടപ്പിലാക്കിക്കൊണ്ട് കൂടുതൽ ആദായകരവും ജനോപകാരപ്രദവുമാക്കുക.<br>3. പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകളിലൂടെ (പി.സി.എ.ആർ.ഡി.ബി) ദീർഘകാല സഹകരണ വായ്പാഘടനയെ (എൽ.റ്റി.സി.സി.എസ്) കാർഷിക അടിസ്ഥാന സൗകര്യ വികസനത്തിന് അവയുടെ മൊത്തം വായ്പയുടെ 50% എങ്കിലും വിതരണം ചെയ്യുന്നത് ഉറപ്പാക്കുക.<br>4. പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ അവയുടെ അംഗങ്ങൾക്കും പൊതുജനങ്ങൾക്കും വിവിധങ്ങളായ സേവനം നൽകുന്ന സംഘങ്ങളായി |

| | | | |
|---|---|---|---|
| | | | തുടർന്നും പ്രവർത്തിക്കുക.<br>5. കാർഷിക സംസ്കരണ യൂണിറ്റുകളുടെ നവീകരണത്തിനുള്ള എൻ.സി.ഡി.സി. പദ്ധതിയിൽ 2016-17 ൽ തൃശ്ശൂർ ജില്ലാ നെല്ല് വിപണന സംസ്കരണ സഹകരണ സംഘത്തിന് 734.40 ലക്ഷം രൂപ ധനസഹായത്തിന് അംഗീകാരം നൽകിയിട്ടുണ്ട്.<br>6. കാർഷിക വിപണന മേഖല ശക്തിപ്പെടുത്തുന്നതിന് പ്രാഥമിക വിപണന സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം (സബ്സിഡി/ ഓഹരി/വായ്പ) നൽകുന്നു. കാർഷിക സംസ്കരണത്തിന് ബൈലായിൽ വ്യവസ്ഥയും പശ്ചാത്തല സൗകര്യവും സ്വന്തമായി സ്ഥലവുമുള്ള എല്ലാത്തരം സഹകരണ സംഘങ്ങൾക്കും കാർഷിക സംസ്കരണ യൂണിറ്റുകൾ ആരംഭിക്കുന്നതിനും നിലവിലുള്ളവ പുനരുദ്ധരിക്കുന്നതിനും ധനസഹായം നൽകി വരുന്നു.<br>7. കർഷക സേവന കേന്ദ്രം നടത്തുന്നതിന് എൻ.സി.ഡി.സി ധനസഹായ പ്രകാരം പ്രാഥമിക സഹകരണ സംഘങ്ങൾക്ക് ധനസഹായം നൽകുന്നു.<br>8. കർഷകരിൽ നിന്നും സപ്ലൈകോ നെല്ല് സംഭരിച്ചതിന്റെ രസീത് കർഷകർ സഹകരണ ബാങ്കുകളിൽ ഹാജരാക്കുമ്പോൾ നെല്ലിന്റെ വില കർഷകരുടെ അക്കൗണ്ടിൽ പി.ആർ.എസ്.ലോൺ വഴി ലഭ്യമാക്കുന്നതിനായി ബാങ്കുകളുമായി കരാറിൽ ഏർപ്പെടുന്നതിന് സപ്ലൈകോയ്ക്ക് സർക്കാർ നിർദ്ദേശം നൽകിയിരുന്നു. പാലക്കാട് ജില്ലാ സഹകരണ ബാങ്കിൽ നിന്നും 2017-18 വർഷത്തെ നെല്ല് സംഭരണത്തിനുള്ള സംഭരണ വില ഒന്നാം വിളയ്ക്ക് 56,93,93,592/- രൂപയും രണ്ടാം വിളയ്ക്ക് 11,26,17,452/- രൂപയും നൽകിയിട്ടുണ്ട്. നെല്ല് സംഭരണത്തിനു വേണ്ടി ജില്ലാ ബാങ്കിൽ 28488 കെ.സി.സി അക്കൗണ്ടുകൾ ആരംഭിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഭിന്നലിംഗ വിഭാഗത്തിന് പ്രത്യേക പരിഗണന നൽകി സഹകരണ പ്രസ്ഥാനം ആരംഭിക്കുക എന്ന വിഷയത്തിൽ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വിശദമാക്കാമോ? | (സി) | തുടർനടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**